(*d*) The Government do not think it necessary to state what the report of the Director on the matter was.

(*e*) The Government are not bound to accept the recommendation of the Advisory Committee.

(*f*) No.

(*g*) No fixed policy in regard to this has been enunciated. Each case is decided on its merit.

(*h*) The Government regret that they cannot accept the suggestion.

STAFF SELECTION BOARD APPOINTMENTS—LIST OF.

186. മിസ്റ്റർ ബി. എം. പീറർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ദയവായി മറുപടിപറയുമോ:—

(ക) സ്റ്റാഫ് സിലക്ഷൻ ബോർഡ് നിയമിതമായതിനുശേഷം അതിന്റെ പരിധിയിൽപെടുന്ന നിയമനങ്ങളുടെ ജാതിതിരിച്ച ഒരു പട്ടിക മേശപ്പുറത്തു വെക്കുവാൻ ബ. ഗവൺമെണ്ടിനു ദയവുണ്ടാകുമോ;

(ഖ) സ്റ്റാഫ് സിലക്ഷൻ ബോർഡ് പ്രവർത്തനം ആരംഭിച്ചുമുതൽ ആക്ടിംഗ് നിയമനങ്ങൾ ചെയ്തിട്ടുള്ളതിന്റെയും ത്രോണെറ്റ ചെയ്തിട്ടുള്ളതിന്റെയും ക്ലിപ്തമായ ഒരു കണക്ക് മേശപ്പുറത്തു വെക്കുവാൻ കനിവുണ്ടാകുമോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ: (ക) & (ഖ) നിയമനങ്ങളുടെ ജാതിതിരിച്ച പട്ടികകൾ അതാതു സമയം കൊച്ചി ഗവൺമെണ്ടു് ഗസറ്റിൽ പ്രസിദ്ധം ചെയ്തിട്ടുണ്ടു്. നിയമനം ലഭിച്ചിട്ടുള്ളവരെ പലരേയും പല പ്രാവശ്യം ത്രോണെറ്റ ചെയ്തിട്ടുള്ളതുകൊണ്ടു് അതിന്റെ കണക്കു തയ്യാറാക്കുവാൻ എളുപ്പത്തിൽ സാദ്ധ്യമല്ല.

മിസ്റ്റർ ബി. എം. പീറർ: ഇതിന്റെ ഒരു ലിസ്റ്റ് കിട്ടണമെന്നു ഞങ്ങൾ ആവശ്യപ്പെട്ടിട്ടുള്ളതു സ്റ്റാഫ് സിലക്ഷൻ ബോർഡിന്റെ ഇതുപയ്ന്തമുള്ള നിയമങ്ങളെപ്പറ്റി അറിയേണ്ടതിലേക്കാണു്. ഞങ്ങൾ അതു ഗസറ്റു നോക്കി കളക്റ്റുചെയ്യുവാൻ പോകയാണെങ്കിൽ എല്ലാ ഗസറ്റും വാങ്ങിക്കേണ്ടതായിവരും. ഗവൺമെണ്ടു വിചാരിച്ചാൽ അതു് എളുപ്പത്തിൽ കളക്റ്റുചെയ്യുവാൻ സാധിക്കുമെന്നുള്ള വിശ്വാസംകൊണ്ടാണു് ഇങ്ങിനെ ഒരു ലിസ്റ്റിനു് ആവശ്യപ്പെട്ടതു്. ഗവൺമെണ്ടിനെക്കൊണ്ടു സാധിക്കുമെങ്കിൽ അതു തന്നാൽ വളരെ ഉപകാരമായിരിക്കും.

മിസ്റ്റർ കെ. പി. കണ്ണൻ നായർ: ഗവൺമെണ്ടു വിചാരിച്ചാൽ എങ്ങിനെയാണു് എളുപ്പത്തിൽ സാധിക്കുന്നതു്? ഗവൺമെണ്ടിനു് ഈ കണക്കൊക്കെ കൂട്ടണ്ടേ? വേറെ ഒരു ചോദ്യത്തിനുത്തരമായി ഇതേവരെയുള്ള ആകെ നിയമനങ്ങൾ ഫർണിഷ് എന്നോ മറ്റോ ഒരിക്കൽ പറഞ്ഞിട്ടുള്ളതായി ഞാൻ ഓർക്കുന്നുണ്ടു്.

STAFF SELECTION BOARD—PARTICULARS REGARDING DEPRESSED CLASSES CANDIDATES TECHNICALLY QUALIFIED.

187. മിസ്റ്റർ. കെ. പി. വള്ളോൻ: താഴെ എഴുതുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും ദയവു മറുപടി നൽകുമോ:—

LIBRARY ARCHIVES Kerala Legislative Assembly